
Toms Publication's
ടിന്റുമോൻ
₹ 20/-
23
പ്ലയിൻ നേരെ മദ്രാസിലേക്കു പോകുന്നെന്നു പറഞ്ഞിട്ട് നേരെ മുകളിലേ ക്കാണല്ലോ പോകുന്നത്?
നീ ഇന്ത്യയുടെ മാപ്പ് കണ്ടിട്ടില്ലേ? കൊച്ചിയുടെ നേരെ മുകളിലല്ലേ മദ്രാസ്
AIR PORT
Shaji


സംസാരം
കല്യാണത്തിനു മുമ്പ് ഒരിക്കലും നിങ്ങളീ വിധത്തിൽ സംസാരിച്ചിട്ടില്ല.
എതു വിധത്തിൽ സംസാരിച്ചിട്ടില്ലെന്ന്?
എനിക്കു വേണ്ടി വെള്ളത്തിലും തീയിലും ജീവിക്കാൻ തയ്യാറാ ണെന്ന് പറഞ്ഞില്ലേ. ഇപ്പോ പണം ചോദിച്ചപ്പോൾ നിഷേധിക്കുന്നു.
പക്ഷെ നിനക്കു വേണ്ടി ബാങ്ക് കൊള്ള ചെയ്യാമെന്നു ഒരി ക്കലും ഞാൻ പറഞ്ഞിട്ടില്ല.
Shaji
മലയാലപ്പുഴ.


ചില്ലറയില്ലാത്തവരൊക്കെ നിർബ ന്ധമായും ഇറങ്ങ ണം.
നിങ്ങളുടെ ബാഗിൽ ചില്ലറ ഒട്ടും ഇല്ലാഞ്ഞിട്ടാണോ ഞങ്ങളോടിറങ്ങാൻ പറ ഞ്ഞത്.
അതേ ചില്ലറയില്ലാത്തതു കൊണ്ടാ.
എങ്കിൽ താൻ ആദ്യം ഇറങ്ങിപ്പോ.
ലഫ്റ്റനന്റ് കമാൻഡർ എന്ന് പറഞ്ഞാലാരാണ്?
അത് ലഫ്റ്റനന്റിന്റെ ഭാര്യ.
'Shaji'


ഡിസ്ചാർജ്
ഡോക്ടർ നാളെയെങ്കിലും അമ്മയെ ഡിസ്ചാർജ് ചെയ്യണം.
2 ദിവസമല്ലേ ആയുള്ളു. ഒരാഴ്ച കൂടി ഇവിടെ കിടക്കട്ടെ.
അതു പറ്റില്ല.
അസുഖം തീർത്തും മാറിയിട്ട് വീട്ടിൽ പോയി സുഖമായി താമസിക്കാം.
അപ്പോഴേക്കും എന്റെ വീടു വിൽക്കേണ്ടി വരും.



പെണ്ണിന് നല്ല ഗോത
മ്പിന്റെ നിറമാണെന്നു പറ
ഞ്ഞിട്ട് ചപ്പാത്തി പോലെ
യാണല്ലോ ഇരിക്കുന്നത്?
ഗോതമ്പുകൊണ്ട് ഉണ്ടാക്കി
യത് തന്നയല്ലേ ചപ്പാത്തി.
പുതിയ ഓഫീസറെങ്ങനെയു
ണ്ടെന്നോ? എന്തിനും തടസ്സം പറയുന്ന
ആളാണെടാ പുതിയ ഓഫീസർ
അദ്ദേഹം ബ്ലോക്ക്
ഓഫീസറല്ലേ അച്ഛാ.
ഞാനും ഈ
സ്കൂളിൽ പഠിച്ചതാ.
എനിക്ക് ഇവിടെ തന്നെ
ജോലി കിട്ടി.
ഇതിൽ നിന്ന്
എന്ത് മനസ്സി
ലായി?
ഈ സ്കൂളിൽ
പഠിച്ചാൽ വേറെങ്ങും
ജോലി കിട്ടില്ലെന്ന്.
Shaji


എന്റെ സൗന്ദര്യം കണ്ടിട്ട് അച്ഛനെ പ്പോഴും പറയും....
ഞാൻ ആകാശത്തു നിന്നും പൊട്ടി വീണ ദേവതയാണെന്ന്.
ചുമ്മാതല്ല നിന്റെ മൂക്കിങ്ങനെ ഇരിക്കുന്നത്. ആകാശത്തു നിന്നും വീണത് മൂക്കും കുത്തിയായിരിക്കും.
Shaji
സുന്ദരനായ നീ എന്തു കൊണ്ടാണ് സൗന്ദര്യമി ല്ലാത്ത വിദ്യാഭ്യാസമി ല്ലാത്ത എന്നെ...
വിവാഹം കഴി ക്കാൻ തീരുമാനി ച്ചത്
നിന്റച്ഛൻ പണം നിക്ഷേപി ക്കുന്ന ബാങ്കിന്റെ മാനേ ജർ എന്റെ അച്ഛനാണ്.
ഷാജി
എന്റെ ഏറ്റവും വലിയ ആഗ്രഹം....
ഒരു കൊള്ളക്കാര നാകണമെന്നാ യിരുന്നു.
അപ്പോ നിങ്ങളുടെ ജീവി താഭിലാഷം പൂർണ്ണമായും സാധിച്ചതിൽ എന്റെ അഭിനന്ദനങ്ങൾ.


ഒരാൾ മാത്രം
ഡോക്ടർ എന്റെ അമ്മയ്ക്ക് നല്ല സുഖമില്ല.
എന്നിട്ട് അമ്മ എവിടെ?
വെളിയിൽ നിർത്തി യിരിക്കുവാ.....
അതെന്താ അവിടെ നിർത്തിയത്?
ഒരേ സമയം ഒരാൾ മാത്രം അകത്ത് പ്രവേശിക്കുക എന്നല്ലേ എഴുതി വെച്ചിരിക്കുന്നത്.


ഫീസ്
എന്താടാ ടിന്റു
നീ റോഡിലൂടെ നടക്കുമ്പോൾ
നല്ല തടിയും തന്റേടവുമുള്ള
വരെ കാണു
മ്പോൾ....
കളിയാക്കുന്നത്. നിന
ക്കെന്താ ഭ്രാന്താണോടാ?
ഇല്ലെടാ. ഒരു പല്ല് പറി
ക്കുന്നതിന് ഡോക്ടർക്ക്
300 രൂപയാണ് ഫീസ്.
9744080604


സംശയം
എന്താ ടിന്റു സംശയം?
ഉള്ളതെല്ലാം വിറ്റ് ഇല്ലാത്തവർക്ക് കൊടുത്താൽ സ്വർഗ്ഗത്തിൽ പോകുമെന്നല്ലേ ബൈബിളിൽ പറയുന്നെ. അങ്ങനെ ചെയ്താൽ പട്ടിണി കിടന്ന് മരിച്ചു പോകില്ലേ അച്ചോ?
ഇല്ല ടിന്റു. അങ്ങനെ നല്ല കാര്യങ്ങൾ ചെയ്യുന്നവർ വളരെക്കാലം സന്തോഷത്തോടെ ജീവിക്കും.
അപ്പോ അച്ചോ മരിച്ചു പോകാതെ എങ്ങനെ സ്വർഗ്ഗത്തിൽ പോകും.


എനിക്കു ഡോഗ് ഷോയിൽ സമ്മാനം കിട്ടി.
അപ്പോൾ നിന്റെ പട്ടിക്ക് സമ്മാനമൊന്നും കിട്ടി യില്ലേ?


ഡോക്ടർ എന്റെ ചെവിയിൽ ട്രെയിൻ ഓടുന്ന മാതിരി ശബ്ദം കേൾക്കുന്നുണ്ട്.
എന്നിട്ട് ഞാൻ പരിശോധിച്ചപ്പോൾ ഒന്നും കേട്ടില്ലല്ലോ?
അപ്പോൾ ട്രെയിൻ ഏതെങ്കിലും സ്റ്റേഷനിൽ നിൽക്കുകയായിരി ക്കും.


'മാനിഷാദാ' എന്നാൽ 'അരുത് കാട്ടാളാ' എന്നാണ് അർത്ഥം.
അപ്പോൾ മാവേലി എന്നാൽ വേലി കെട്ടെരുതെന്നാണോ?
പെട്രോളിന്റെയും ഡീസലിന്റെയും വില വർദ്ധനവ് നിന്നെ ബാധിക്കില്ലെന്നോ?
അതേടാ. ഞാൻ എന്റെ വണ്ടിക്ക് അന്നും ഇന്നും നൂറ് രൂപയ്ക്കാ പെട്രോൾ അടിക്കാറ്
എന്താ നീ മൂഡൗട്ടായിട്ടിരിക്കുന്നത്?
ബഞ്ചിന് വീതി കുറവാണ് ടീച്ചർ.


നിൽക്കെടാ അവിടെ നീ മോഷണം നടത്തും അല്ലേ?
നീയെന്താടാ ബൈക്ക് മാത്രം മോഷ്ടിക്കുന്നത്?
തീവണ്ടി മോഷ്ടിച്ചാൽ എവിടെ കൊണ്ടുവന്നിടും സാറെ.


എന്റെ കൂട്ടുകാരിയെ അവളുടെ കാമുകൻ മുല്ലേ, റോസേ, ചെമ്പകമേ എന്നൊക്കെയാ വിളിക്കുന്നത്,
അതിന് എന്താ?
നിങ്ങളെന്നേ പോത്തേ, പന്നീ.... എന്നൊക്കെയല്ലേ വിളിക്കുന്നെ....
എടീ അവനൊരു പൂക്കച്ചവടക്കാരനല്ലേ.....ഞാനാരാ ഒരു കശാപ്പുകാരനല്ലേ....


രക്ഷാപ്രവർത്തനം
നിങ്ങളിലാരെങ്കിലും രക്ഷാപ്രവർത്തനം നടത്തിയി ട്ടുണ്ടോ?
ഉണ്ട് സാർ... ഇന്നലെ വീട്ടിലെ ഈർക്കിലി ചൂൽ ഞാൻ കത്തിച്ചു കളഞ്ഞു.
അതെങ്ങനെ ഒരു രക്ഷാപ്രവർത്തനമാകും.
അച്ഛനും അമ്മയും വഴക്കു കൂടുമ്പോൾ അമ്മ ആദ്യം എടുക്കു ന്നത് ആ ചൂലാ....


ട്രെയിനിംഗ്
നിങ്ങളാണ് മാല മോഷ്ടിച്ചത് അല്ലേ?
അതെ
മുക്കു പണ്ടമാണെന്നറിഞ്ഞിട്ടും ബൈക്കിലെത്തി അത് പിടിച്ചു പറിക്കാൻ എന്താണു കാരണം?
ഞാൻ ട്രെയിനിംഗ് നടത്തുകയായിരുന്നു സാർ


നാളെ നമ്മുടെ വിവാഹ വാർഷികമായതുകൊണ്ട് എനിക്കൊരു കറുത്ത സാരി വാങ്ങിത്തരണം.
എന്തിനാ അത്രയും തുണി വെയിസ്റ്റാക്കുന്നത്.
രണ്ടു കറുത്ത ബാഡ്ജ് വാങ്ങി നമുക്കു രണ്ടുപേർക്കും ധരിച്ചാൽ പോരെ.
Shaji


അനാവശ്യം പറഞ്ഞാൽ അടിച്ചു പല്ല് തെറിപ്പിക്കും.
അങ്ങനെ അടിയ്ക്കാമെന്നു വിചാരിക്കേണ്ട...
സ്കൂളിൽ എല്ലാ വർഷവും ഓട്ടത്തിന് എനിക്കാ ഫസ്റ്റ് കിട്ടുന്നത്.


ഈയിടെയായി നീ തന്നെത്താൻ പാചകം ചെയ്യുന്നുണ്ടെന്നോ?
അതെന്താ പെട്ടെന്ന് അങ്ങനെ ചെയ്യാൻ തോന്നിയത്?
ഒരു റിഹേഴ്സൽ നടത്തുകയാ. ഞാൻ അടുത്തു തന്നെ വിവാഹം കഴിക്കാൻ പോകുന്നു.


ഞാൻ നിനക്കു തരാനുള്ള രൂപ തന്നതായി സങ്കല്പിച്ചു.
അങ്ങനെ സങ്കല്പിക്കാൻ പ്രയാസമാ.
ഇത്രയും വലിയ ഭൂമിക്ക് അച്ചുതണ്ടുണ്ടെന്നു സങ്കല്പിക്കാമെങ്കിൽ ഇതാണോ പ്രയാസം.


തൊട്ടാവാടിയിൽ തൊടുമ്പോൾ അതിന്റെ ഇലകൾ ചുരുങ്ങി തളരുന്നു.
ഇതിൽ നിന്ന് എന്തു മനസ്സിലാക്കാം.
വിദ്യാർത്ഥികൾക്കു മാത്രമല്ല ചെടികൾക്കും ടീച്ചറിനെ ഭയമാണെന്ന്.


മദ്രാസ് വരെ റിസർവേഷനുണ്ടായിരുന്നതിനാൽ കഷ്ടപ്പെടാതെ അവിടെ വരെ എത്തി.
എന്നിട്ട് പിന്നെ അയാൾ എവിടെ പോയി.


നിങ്ങളെന്താ ഒന്നും കഴിക്കാത്തത്.
എനിക്കു കഴിക്കാൻ വേണ്ടത് ചോദിച്ചാൽ നിങ്ങൾ പിണങ്ങും.
ഇല്ല. എന്തു വേണമെങ്കിലും ചോദിച്ചോ?
എനിക്ക് ഇവിടുത്തെ ഒരു നേഴ്സിനെ കല്യാണം കഴിക്കണം.


എന്റച്ഛൻ എഴുതിയത് വായിക്കുന്നവരൊക്കെ കരയും.
അതെന്തിനാ?
അച്ഛൻ ഡോക്ടറാണ്. ബില്ല് കണ്ടിട്ടാണ് എല്ലാവരും കരയുന്നത്.


സാർ, ഞാൻ ഇന്റർ വ്യൂന് വന്നതാണ്
ശരി. താജ്മഹൽ എവിടെയാണ് സ്ഥിതി ചെയ്യുന്നത്
അമേരിക്കയിൽ.
എന്ത്? താജ്മഹൽ അമേരിക്കയിലോ?
താജ്മഹൽ ആഗ്രയിലാണെന്നു പറഞ്ഞാൽ ജോലി തരുമോ? ഇതിനു മുമ്പ് 27 തവണ ഇന്റർവ്യൂന് ചെന്ന പ്പോൾ ആഗ്രയിലാണെന്ന് പറഞ്ഞു. ജോലി കിട്ടിയില്ല. ഇനി ഒന്നു മാറ്റിപ്പറയാമെന്നു വിചാരിച്ചു.
Shaji


എന്റെ പട്ടി പെട്രോൾ കുടിച്ച് വെപ്രാളപ്പെട്ട് ഓടി നടക്കുന്നു.
നീ വേഗം ആ ഡോക്ടറെ ഒന്നു വിളിച്ചെ.
സാരമില്ലെടാ പെട്രോൾ തീരുമ്പോൾ പട്ടിയുടെ ഓട്ടവും തീരും.
അമ്മ ചേട്ടനെന്തിനാ വലിയ കേക്ക് പീസ് കൊടുക്കുന്നത്?
അവൻ നിന്നേക്കാൾ വലുതല്ലേ.
ഈ കുഴപ്പം ഇനി എന്നാണ് തീരുക.
ടിന്റു ചിരിക്കുമ്പോൾ മുല്ലമൊട്ടു പോലെ സുന്ദരമായ പല്ല്.....
നോക്കിയിരിക്കാൻ തോന്നും.
അതിന് ഇവിടിരുന്നു മിനക്കെടണമെന്നില്ല. ഞാനെന്റെ പല്ല് സെറ്റ് അഴിച്ചു തരാം, കൊണ്ടുപോയി നോക്കിയിരുന്നോ.


ആഗ്രഹം
എന്റെ ഏറ്റവും വലിയൊരു ആഗ്രഹം ഒരു റോക്കറ്റിൽ കയറി ഭൂമി മൂന്ന് വട്ടം ചുറ്റണമെന്നാണ്.
ഞാൻ ജീവിതകാലം മുഴുവൻ ചുറ്റാൻ പറ്റിയ ഒരു കാര്യം ചെയ്തു.
അതെന്തു കാര്യം?
ഞാൻ കല്ല്യാണം കഴിച്ചു.
Shaji


അറിയാതെ
ഹലോ .....
പോലീസ് സ്റ്റേഷനല്ലേ
ഇന്നലെ എന്റെ
വീട്ടിൽ കയറിയ കള്ള
നുമായി എനിക്കൊന്നു
സംസാരിക്കണം.
കള്ളനുമായി സംസാ
രിക്കണമെന്നോ?
എന്തിന്?.
രാത്രിയിൽ അമ്മ അറി
യാതെ എങ്ങനെയാ
മുറിയ്ക്കകത്ത്
കയറിയതെന്ന് ഒന്ന്
അറിയാനാ.


ഞാനിന്നലെ നിന്റെ കയ്യിൽ നിന്നും വാങ്ങിയ കുട ഒട്ടും നല്ലതല്ല.
അതെന്താ നീ അങ്ങനെ പറ ഞ്ഞത്?
ഇന്നലെ ഞാനത് ഒരു ഹോട്ടലിൽ വെച്ച് മറന്നു. ഇന്ന് ചെന്ന് നോക്കിയ പ്പോ അത് അവിടെ ഉണ്ട്.


എന്താ നിന്റെ മുഖത്തൊരു വല്ലായ്ക
എന്ത് പറയാനാ മുപ്പത് ദിവസ മായി എന്റെ ഭാര്യ എന്നോട് മിണ്ടാറില്ല.
ഓ ഇത്രേയുള്ളോ? ഇതിനാണോ സങ്കടപ്പെ ടുന്നത്.
അതല്ല. അവൾ നാളെ മുതൽ എന്നോടു മിണ്ടാൻ തീരുമാനിച്ചിരിക്കുവാ.


എല്ലാ മാസവും ക്ലാസിൽ ടെസ്റ്റ് പേപ്പർ ഇടുന്നുണ്ട്.
ഇതു കൊണ്ടുള്ള പ്രയോജനം എന്താണ്?
പബ്ലിക് എക്സാമിന് കോപ്പിയടിക്കാനുള്ള പരിശീലനം കിട്ടുന്നു.
രാവണനെ കൊന്നത് ആരാണ്?
എനിക്കറിയാം പക്ഷെ ഞാൻ പറയില്ല.
അതെന്താ പറഞ്ഞാൽ?
പണ്ട് പറഞ്ഞ കൊലപാതക മൊക്കെ ഇപ്പോ വിളിച്ചു പറ ഞ്ഞാൽ അത് കേസാകും. ഇത് കേരളമാ കേരളം.
നീ പറക്കും തളിക കണ്ടിട്ടുണ്ടോ?
ഞാൻ കണ്ടിട്ടുണ്ട്.
അച്ഛനും അമ്മയും വഴക്കി ടുമ്പോൾ പറക്കും തളിക പാഞ്ഞു വരുന്നത്.


ഭർത്താവിനെന്താ ജോലി?
വയറിംഗ്
അതാണോ നിങ്ങളുടെ വയറിങ്ങനെ വീർത്തിരിക്കുന്നത്.


കുന്നത്തെ വീടേതാ?
എനിക്കറിയില്ല.
എവിടെ ചോദിച്ചാലറിയാം.
ആ വീടിന്റെ അടുത്ത വീട്ടിൽ ചോദിച്ചാലറിയാം.


നീയെന്താ ടിന്റു ഒരു ചെവി അടച്ചു പിടിച്ചിരിക്കുന്നത്
ടീച്ചർ പഠിപ്പിക്കുന്നത്....
ഒരു ചെവിയിൽ കൂടി കയറി മറ്റേചെവിയിൽ കൂടി ഇറങ്ങിപ്പോകാതിരിക്കാനാ
'Shaji'


നിന്റെ മൂക്കൊന്നു ചീറ്റിക്കളഞ്ഞേ.
എത്ര ചീറ്റിയിട്ടും മൂക്ക് പോകുന്നില്ല അച്ഛാ.
'Shaji'


അടുക്കളയിലെന്താ ഒരു കരിഞ്ഞ മണം
അമ്മ കുക്കിങ്ങ് ക്ലാസ് കഴിഞ്ഞു വന്നു പാചകം ചെയ്യുന്നതാ.



അന്ധമായ പ്രേമമെന്നാൽ എന്താ?
രണ്ട് കുരുടന്മാർ തമ്മിൽ പ്രേമിക്കുന്നതിനെയാണ് അന്ധമായ പ്രേമമെന്നു പറയുന്നത്.




ഇപ്രാവശ്യം ആരു വിചാരിച്ചാലും എന്നെ തോൽപ്പിക്കാനാവില്ല.
എന്താ നീ അത്ര നന്നായി എഴുതിയിട്ടുണ്ടോ?
ഞാനിത്തവണ പരീക്ഷ എഴുതിയിട്ടില്ല.




നിനക്ക് ആരാകാനാ ആഗ്രഹം
ജിറാഫ്
ജിറാഫോ?
അപ്പോൾ എന്റെ ചെവിക്ക് നുള്ളാൻ അച്ഛന് കഴിയില്ലല്ലോ.



നിനക്കുവേണ്ടി പതിനായിരമല്ല ഒരു ലക്ഷം രൂപ മുടക്കേണ്ടി വന്നാലും ഞാനതിനെ നിസാരമായിട്ടേ കാണു...
എന്നിട്ടെന്താ ഈയിടെയായി എന്നെ ഫോൺ ചെയ്യാത്തത്?
മൊബൈൽ ചാർജ് ചെയ്യാൻ പൈസ ഇല്ലാഞ്ഞിട്ട്.
Shaji


എന്തിനാടാ നീ എന്റെ വയലിന്റെ കമ്പി മുറിച്ചു കളഞ്ഞത്.
ഞാൻ അച്ഛനെ സഹായിച്ചതല്ലേ.
സഹായിച്ചതോ?
അച്ഛൻ എത്ര ദിവസമായി അത് ബോ കൊണ്ട് മുറിക്കാൻ നോക്കുന്നു. ഞാൻ ഒരു മിനിറ്റുകൊണ്ട് മുറിച്ചില്ലേ.
Shaji


പൊന്ന്
തട്ടാനേ... തട്ടാനേ എന്റെ വീട് വരെ ഒന്നു വരണം. അല്പം പൊന്നിരിപ്പുണ്ട്. ഒരു മാല പണിയാനാ.
ഒട്ടും സമയമില്ലാത്തതു കാരണം വരാൻ പറ്റില്ല.
അങ്ങനെ പറയരുത് എന്റെ 'പൊന്നു തട്ടാൻ' വരണേ...
Shaji


എന്റെ കഥാപ്രസംഗത്തിന്റെ ആദ്യംകുറച്ച് കുഴപ്പമുണ്ടായിരുന്നെങ്കിലും...
അവസാനമായപ്പോൾ മുട്ടുസൂചി വീണാൽ കേൾക്കാവുന്ന നിശബ്ദതയായിരുന്നു.
ആളുകളെല്ലാം ഉറങ്ങിയിട്ടുണ്ടാവും


താൻ ആരോടു ചോദിച്ചിട്ടാ അകത്തു കയറി കിടന്നത്?
ആരോടും ചോദിച്ചില്ല.
എങ്കിൽ വേഗം പുറത്തേക്കിറങ്ങിക്കോ
നിങ്ങളല്ലേ പറഞ്ഞത് കള്ള് കുടിച്ചാൽ അകത്ത് കിടക്കണമെന്ന്.
നാറാണത്ത് ഭ്രാന്തൻ ആരാണ്?
ഇലക്ട്രിസിറ്റി ജോലിക്കാരൻ ഇന്നലെ ഇട്ട പോസ്റ്റ് ഇന്ന് മാന്തി താഴെയിടും, നാളെ വീണ്ടും പോസ്റ്റിടും.


ഞാൻ പറഞ്ഞ സാധനങ്ങളൊക്കെ പായ്ക്ക് ചെയ്തോ?
യേസ് ആൾറെഡി.
ഇത് ചുമക്കാൻ ആളൊന്നും വേണ്ട പൊതി ഇങ്ങ് തന്നേക്ക് ഞാനെടുത്തോളാം.


എന്റെ ആഗ്രഹം ഞാൻ മരിക്കുമ്പോൾ എന്റെ ഡെഡ്ബോഡിയുടെ കൂടെ മൊബൈൽ ഫോൺ ഉണ്ടാവണമെന്നാ.
അതെന്തിനാ?
ഇപ്പോ പരലോകത്തും റെയിഞ്ചുണ്ടെടാ.


വരുന്നത്
എന്താ ഒരു പുസ്തകം മാത്രം സ്കൂളിൽ കൊണ്ടുവരുന്നത്. ബാഗിൽ ബുക്സ് ഒന്നുമില്ലേ?
ഞാൻ ട്രെയിനാണു വരുന്നത്.
അതിന്?
ട്രെയിനിൽ എഴുതിയിട്ടുണ്ട് ലെസ് ലഗേജ്, മോർ കംഫർട്ട്.






PRINTED&PUBLISHED BY BOSE THOMAS AT ANGEL'S WEB, KTM. SCRIPT &EDITED BY BRIGIT BOSE